**എം ജി ബി എഡ് ക്യാപ്പ്:  കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽ നിന്നും Specialised ബിരുദ പ്രോഗ്രാമുകൾ കരസ്ഥമാക്കിയിട്ടുള്ളവരും കേരളത്തിന് വെളിയിലുള്ള സർവ്വകലാശാലകളിൽ നിന്നും ബിരുദം കരസ്ഥമാക്കിയിട്ടുള്ളവരും  'പ്രോഗ്രാം വൈസ് എലിജിബിലിറ്റി' പ്രവേശന സമയത്ത് ഹാജരാക്കണം.**

മറ്റു സർവ്വകലാശാലകളിൽ നിന്നും ബിരുദം കരസ്ഥമാക്കിയിട്ടുള്ളവർ എം ജി സർവ്വകലാശാലയുടെ ബി എഡ് പ്രോഗ്രാമിലേക്ക് അപേക്ഷിക്കുമ്പോൾ  എം ജി സർവ്വകലാശാലയിലെ ബിരുദ പ്രോഗ്രാമുകളിൽ നിന്നും വ്യത്യസ്ഥമായ ബിരുദങ്ങളാണെങ്കിൽ  പ്രസ്തുത പ്രോഗ്രാം എം ജി സർവ്വകലാശാലയിലെ ഏതു ബിരുദത്തിനു തുല്യമാണോ ആ ബിരുദം ഓൺലൈൻ അപേക്ഷയിൽ തെരഞ്ഞെടുത്ത് അപേക്ഷിക്കേണ്ടതാണ്. കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽ നിന്നുള്ളവർ Specialised പ്രോഗ്രാമുകൾ ഒഴികെയുള്ള ബിരുദ പ്രോഗ്രാമുകൾക്ക്  'പ്രോഗ്രാം വൈസ് എലിജിബിലിറ്റി' ഹാജരാക്കേണ്ടതില്ല. എന്നാൽ കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽ നിന്നും Specialised ബിരുദ പ്രോഗ്രാമുകൾ കരസ്ഥമാക്കിയിട്ടുള്ളവരും കേരളത്തിന് വെളിയിലുള്ള സർവ്വകലാശാലകളിൽ നിന്നും ബിരുദം കരസ്ഥമാക്കിയിട്ടുള്ളവരും  'പ്രോഗ്രാം വൈസ് എലിജിബിലിറ്റി' പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.